"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം:34/ഡിഡി2/2024/തസ്വഭവ തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 19-03-2025

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-പ്രവൃത്തിക്കിടയിൽ തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടം - വർദ്ധിപ്പിച്ച നിരക്കിൽ എക്സ്ഗ്രേഷ്യ ആനുകൂല്യം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ഗവ.സർക്കുലർ നം.ഡി.ഡി.2-252/2020/ത.സ്വ.ഭ. തീയതി 05.02.2021

2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആന്വൽ മാസ്റ്റർ മാസ്റ്റർ സർക്കുലർ 2022-23

3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 06.02.2024-ലെ NREGA/1166/2023-D2 നമ്പർ കത്ത്

**********************

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്ക് സംഭവിക്കുന്ന അപകടം, തുടർന്നുള്ള ചികിത്സ, അപകടത്തെ തുടർന്നുള്ള മരണം, തൊഴിലിനിടയിൽ ഉണ്ടാകുന്ന സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്ക് നൽകേണ്ട സഹായം സംബന്ധിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം-2005 പട്ടിക II-ലെ 25, 26, 27, 28 ഖണ്ഡികകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയത് പ്രകാരം തൊഴിലാളികൾക്ക് നൽകേണ്ട സഹായങ്ങൾ വ്യക്തമാക്കി സൂചന (1) സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രവൃത്തിക്കിടയിൽ സംഭവിക്കുന്ന അത്യാഹിതങ്ങൾക്ക് തൊഴിലാളിക്കോ ടിയാളുടെ നിയമപരമായ അവകാശികൾക്കോ അതാത് സമയം 'ആം ആദ്മി ബിമാ യോജന'യിൽ പറയും പ്രകാരമുള്ള എക്സ്ഗ്രേഷ്യ സഹായമായ 75,000 രൂപ അനുവദിച്ച് നൽകുന്നതിനാണ് ടി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സൂചന (2) സർക്കുലറിലെ ഖണ്ഡിക 8.1.C(III) പ്രകാരം തൊഴിൽ വേളയിൽ അപകട മരണമോ സ്ഥിരമായ അംഗവൈകല്യമോ സംഭവിക്കുന്ന പക്ഷം തൊഴിലാളികൾക്ക് പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന(PMSBY) പ്രകാരമുള്ള ആനുകൂല്യം നല്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നും ഇത് പ്രകാരം, അപകടം മൂലമുണ്ടാകുന്ന മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവയ്ക്ക് 2 ലക്ഷം രൂപ നല്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സൂചന (1) സർക്കുലർ അപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകണമെന്നും സൂചന (3) പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1)

സർക്കുലറിലെ ഖണ്ഡിക-4. പ്രവൃത്തിയുടെ ഭാഗമായി സംഭവിക്കുന്ന മരണവും സ്ഥായിയായ അംഗ വൈകല്യവും എന്നതിന്റെ (എ), (ബി) പിരിവുകൾ ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

എ. പ്രവൃത്തിക്കിടയിൽ അപകടം സംഭവിച്ചുള്ള മരണം, കുഴഞ്ഞ് വീണുള്ള മരണം, ഹൃദയാഘാതത്തെത്തുടർന്നുള്ള മരണം തുടങ്ങിയ അത്യാഹിതങ്ങൾ, സ്ഥായിയായ അംഗംവൈകല്യം എന്നിവ സംഭവിക്കുന്നപക്ഷം, പ്രവൃത്തിയിൽ ഏർപ്പെട്ട തൊഴിലാളിക്കോ ടിയാളുടെ നിയമപരമായ അവകാശികൾക്കോ 'പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന' (PMSBY) പ്രകാരമുള്ള സഹായത്തുക (നിലവിൽ 2 ലക്ഷം രൂപ) അല്ലെങ്കിൽ അതാത് സമയം കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന നിരക്കിലുള്ള തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകേണ്ടതാണ്. മരണം സംഭവിക്കുന്ന പക്ഷം അഞ്ച് ദിവസത്തിനകം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നടപടിക്രമം പുറപ്പെടുവിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുക അനുവദിച്ച് നൽകേണ്ടതുമാണ്.

ബി.തൊഴിലാളിയോടൊപ്പം പ്രവൃത്തി സ്ഥലത്ത് വരുന്ന കുട്ടികളുടെ മരണമോ സ്ഥായിയായ അംഗവൈകല്യമോ

തൊഴിലിൽ ഏർപ്പെടുന്നയാളോടൊപ്പം പ്രവൃത്തി സ്ഥലത്ത് വരുന്ന കുട്ടികൾക്ക് മരണമോ, അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യമോ സംഭവിക്കുന്ന പക്ഷം, കുട്ടിയുടെ നിയമപരമായ രക്ഷകർത്താവിന് അതാത് സമയം 'പ്രധാനമന്ത്രി സുരക്ഷ ബീമാ യോജന' (PMSBY) പദ്ധതി പ്രകാരം തൊഴിലാളിക്ക് ലഭ്യമാകാൻ യോഗ്യതയുള്ള തുകയുടെ 50% എക്സ് ഗ്രേഷ്യാ (നിലവിൽ ഒരു ലക്ഷം രൂപ) ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകേണ്ടതാണ്. മരണം സംഭവിക്കുന്നപക്ഷം അഞ്ച് ദിവസത്തിനകം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നടപടിക്രമം പുപുറപ്പെടുവിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുക അനുവദിച്ച് നൽകേണ്ടതുമാണ്.

3. ഈ ആനുകൂല്യം പൂർണ്ണമായും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിൻ ഫണ്ടിൽ നിന്നുമാണ് വഹിക്കേണ്ടത്. അഡ്മിൻ ഫണ്ടിൽ തുക ലഭ്യമല്ലാത്ത പക്ഷം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വഹിക്കാവുന്നതും അഡ്മിൻ ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് തിരിച്ചെടുക്കാവുന്നതുമാണ്.

4. മേൽ പറഞ്ഞ ഭേദഗതികൾക്ക് 2022 ജൂൺ 1 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതും ടി ഭേദഗതിയോടെ സൂചന (1) സർക്കുലർ നിലനിൽക്കുന്നതുമാണ്.

SHEEJA R S
ജോയിന്റ് സെക്രട്ടറി

പകർപ്പ്

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം,തിരുവനന്തപുരം

എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 20-03-2025 11:57:32
സെക്ഷൻ ഓഫീസർ.

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്